**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3870** **06-08-2021 - ൽ മറുപടിയ്ക്ക്**

**ദേശീയജലപാതയുടെ കനാൽ ജോലികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ദേശീയജലപാതയുമായി ബന്ധപ്പെട്ട് ജലസേചനവകുപ്പ് ഏറ്റെടുത്ത കനാൽ ജോലികൾ സംബന്ധിച്ച വിശദവിവരം, നിലവിലെ സ്ഥിതി എന്നിവ ലഭ്യമാക്കാമോ; | (എ) | കോവളം മുതൽ ബേക്കൽ വരെയുള്ള 616 കി. മീ. നീളം വരുന്ന വെസ്റ്റ് കോസ്റ്റ് കനാലിനെ ദേശീയ ജലപാത നിലവാരത്തിലേയ്ക്ക് വികസിപ്പിക്കുന്നതിന്റെ ഭാഗമായി കനാൽ നവീകരണം, ആഴം കൂട്ടൽ, വീതി കൂട്ടൽ, ബാർജ്ജുകൾ പോലുള്ള ജലയാനങ്ങൾ പോകുന്നതിന് തടസ്സം നിൽക്കുന്ന പാലങ്ങൾ, നടപ്പാലങ്ങൾ, ലോക്കുകൾ എന്നിവ പൊളിച്ചുമാറ്റി പുനർനിർമ്മാണം, അപ്രോച്ച് റോഡുകൾ, നാവിഗേഷൻ റൂട്ടിൽ അത്യാവശ്യം കരകൾ സംരക്ഷിക്കേണ്ട ഭാഗങ്ങളിൽ സംരക്ഷണ പ്രവൃത്തികൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഇൻലാന്റ് നാവിഗേഷൻ വകുപ്പ് മുഖേന നടപ്പാക്കി വരുന്നു. ഇതിന് പുറമെ 1200 കിലോമീറ്ററോളം ഫീഡർ / ലിങ്ക് കനാലുകൾ ഗതാഗത യോഗ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നു. |
| (ബി) | ആലപ്പുഴ ജില്ലയിലെ ജലപാതയുമായി ബന്ധപ്പെട്ട് വീതികൂടിയ ഭാഗങ്ങളിൽ കരയിടിയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വകുപ്പ് ഈ പ്രശ്നം പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികളെക്കുറിച്ച് വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. പ്രശ്നം പരിഹരിക്കുന്നതിനായി അത്യാവശ്യമായിട്ടുള്ള സ്ഥലങ്ങളിൽ സംരക്ഷണ ഭിത്തി നിർമ്മിച്ചിട്ടുണ്ട്. ബാക്കി വരുന്ന ഭാഗങ്ങളിലേക്ക് സംരക്ഷണഭിത്തി നിർമ്മിക്കുന്ന പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | ആലപ്പുഴ ജില്ലയിൽ നിലവിലുള്ള ജലപാതകൾ ഗതാഗതയോഗ്യമാക്കുന്നതിനായി കനാലുകളിലും ഇടത്തോടുകളിലും സ്ഥാപിച്ചിട്ടുള്ള പാലങ്ങളുടെ ഉയരവും വീതിയും കൂട്ടുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് വിശദമാക്കാമോ? | (സി) | ആലപ്പുഴ ജില്ലയിൽ നിലവിലുള്ള ജലപാതകൾ ദേശീയ ജലപാതാ നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ബാർജ്ജുകൾ പോലുള്ള വലിയ ജലയാനങ്ങൾ പോകുന്നതിന് തടസ്സം നിൽക്കുന്ന പാലങ്ങളും മറ്റ് ക്രോസ്സ് സ്ട്രക്ച്ചറുകളും ആവശ്യമായ വെർട്ടിക്കൽ ക്ലിയറൻസ് കിട്ടത്തക്ക രീതിയിൽ പുനർ നിർമ്മിക്കുന്നതിനുവേണ്ട പ്രാരംഭ സർവ്വേ നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ ബോട്ട് സഞ്ചാരത്തിന് പാലങ്ങളുടെ ഉയരവും വീതിയും തടസ്സമാകുന്നില്ല. |

സെക്ഷൻ ഓഫീസർ